ഇതേസമയം നെയ്യാർ ഡാമിന്റെ കാച്ച്മെന്റ് ഏരിയായിലുള്ള റോഡുകളിൽ കള്ളക്കടത്ത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് നെയ്യാർ ഡാമിൽ പ്രവർത്തിച്ചു വന്നിരുന്ന ചെക്ക്പോസ്റ്റ് ദേവപ്പുര എന്ന സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുകയും ചെയ്തു.

(2) ഡിപ്പാർട്ടുമെന്റിന്റെ ഇന്റലിജൻസ് സ്ക്വാഡുകളുടെ നിരീക്ഷണം കള്ളക്കടത്ത് നടക്കുന്ന സ്ഥലങ്ങളിൽ മുഴുവൻ സമയവും ലഭ്യമാക്കിയിട്ടുണ്ട്.

(3) റബ്ബർ പോലുള്ള ചരക്കുകൾക്ക് ചെക്ക് പോസ്റ്റിലൂടെ കടന്നു പോകുന്നതിന് പെർമിറ്റുകൾ സമ്പാദിച്ചിരിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം ചരക്കുകൾ വാഹന സഹിതം പിടിച്ചെടുത്ത് കടത്തുന്ന ചരക്കിന്റെ നികുതിയുടെ മൂന്നിരട്ടി വസൂലാക്കുന്നതിനും വാഹനത്തിന് 50,000 രൂപ പിഴ ഈടാക്കുന്നതിനും കെ.ജി.എസ്.ടി. ആക്ടിലെ 30 (ഇ) വകുപ്പുപ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) ഇല്ല.

(സി) റിപ്പോർട്ടുകൾ കിട്ടുന്നതനുസരിച്ച് നടപടികൾ സ്വീകരിക്കുന്നുണ്ട്.

ട്രഷറികളിലെ റ്റി. പി. അക്കൗണ്ടിൽ നിന്നും തുക പിൻവലിക്കാൻ അനുവാദം

35 [348] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള ട്രഷറി ഇടപാടുകളുടെ നിയന്ത്രണംമൂലം റ്റി. പി. അക്കൗണ്ടിലെ തുക പിൻവലിക്കാൻ കഴിയാത്തതുമൂലമുള്ള വൈഷമ്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അത് പരിഹരിക്കുന്നതിന് സർക്കാർ ഏതെങ്കിലും തരത്തിലുള്ള ക്രമീകരണങ്ങൾ വരുത്തിയിട്ടുണ്ടോ; വിശദവിവരം വെളിപ്പെടുത്തുമോ;

(സി) സഹകരണ സംഘങ്ങൾ റ്റി. പി. അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള തുക പിൻവലിക്കുവാൻ പ്രത്യേക അനുമതി നൽകുമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ ധനകാര്യ മാനേജ്മെന്റിന്റെ ഭാഗമായി ട്രഷറി ഇടപാടുകളിൽ നിയന്ത്രണം ഏർപ്പെടുത്തുമ്പോൾ മാത്രമേ റ്റി. പി. അക്കൗണ്ടിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്താറുള്ളൂ. എന്നാൽ അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ ആവശ്യമായ ഇളവ് അനുവദിക്കാറുണ്ട്.

(ബി) ഉദിക്കുന്നില്ല.

(സി) നൽകിവരുന്നു.

നക്ഷത്രചിഹ്നമിടാത്ത 347-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly